DESPATCHED
On 29/1/2021

# സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം

തിരുവനന്തപുരം

ഹർജി നമ്പർ എ.പി 1246, 1247, 1248, 1251 (3)/2019/എസ്.ഐ.സി.

ഉത്തരവ് തീയതി : 29.12.2020

സന്നിഹിതൻ

ശ്രീ. എസ്. സോമനാഥൻ പിള്ള, വിവരാവകാശ കമ്മീഷണർ

ശ്രീ വർഗ്ഗീസ് പുല്ലുവഴി, ചെയർമാൻ,
ആക്ഷൻ കൗൺസിൽ ഫോർ എൻവയോൺമെന്റൽ
പ്രൊട്ടക്ഷൻ സെൻട്രൽ കമ്മിറ്റി ഓഫീസ്,
പി.ഒ പെരുമ്പാവൂർ, പിൻ – 683 542.
} അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ,
കോട്ടപ്പടി ഗ്രാമപഞ്ചായത്ത് കാര്യാലയം,
കോട്ടപ്പടി പി.ഒ, എറണാകുളം – 686692.

2. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ,
അശമന്നൂർ ഗ്രാമപഞ്ചായത്ത് കാര്യാലയം,
അശമന്നൂർ പി.ഒ, ഓടക്കാലി, എറണാകുളം – 683549

3. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ,
കുന്നത്തുനാട് ഗ്രാമപഞ്ചായത്ത് കാര്യാലയം,
കുമാരപുരം പി.ഒ, എറണാകുളം – 683565.

4. അപ്പീൽ അധികാരി,
പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയം,
എറണാകുളം.

5. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ,
നഗരസഭാ കാര്യാലയം,
മൂവാറ്റുപുഴ.

6. അപ്പീൽ അധികാരി,
നഗരസഭാ കാര്യാലയം,
മൂവാറ്റുപുഴ.
} എതിർകക്ഷികൾ

O/C

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | 04.01.2020,30.12.2019, 30.12.2019, 03.01.2020 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭിച്ച തീയതി | 21.01.2020, 28.01.2020, 20.01.2020, 03.02.2020 |
| ഒന്നാം അപ്പീൽ അപേക്ഷ സമർപ്പിച്ച തീയതി | 27.02.2020, 27.02.2020, 27.02.2020, 04.03.2020 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 22.04.2020, 22.04.2020, 23.03.2020, 19.03.2020 |
| കമ്മീഷൻ മുമ്പാകെ രണ്ടാം അപ്പീൽ സമർപ്പിച്ച തീയതി | 14.08.2020 |
| ഹർജിക്കാരന്റെ രണ്ടാം അപ്പീൽ കൈപ്പറ്റിയ തീയതി | 20.08.2020, 21.08.2020, 21.08.2020, 24.08.2020 |



RIGHT TO INFORMATION

# ഉത്തരവ്

29.12.2020 – ന് കമ്മീഷന്റെ പരിഗണനയ്ക്ക് വന്ന ഈ അപ്പീൽ ഹർജികളിന്മേൽ സമർപ്പിക്കപ്പെട്ട രേഖകളും, ഹർജിക്കാരനും എതിർകക്ഷികളും ഓഡിയോ കോൺഫറൻസ് മുഖേന കമ്മീഷൻ മുമ്പാകെ നൽകിയ വിശദീകരണവും വിശദമായി പരിശോധിച്ച് അന്നേ ദിവസം തന്നെ താഴെ പറയും പ്രകാരം തീർപ്പാക്കുന്നു.

2. രണ്ടാം അപ്പീൽ ഫയൽ ചെയ്യാനുണ്ടായ കാലതാമസം മാപ്പാക്കുന്നു.

3. വിവിധ വിവരങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് കോട്ടപ്പടി, അശമന്നൂർ, കുന്നത്തുനാട് പഞ്ചായത്തുകളിലേയും മൂവാറ്റുപുഴ നഗരസഭാ കാര്യാലയത്തിലേയും സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാർക്ക് (എസ്.പി.ഐ.ഒ ) സമർപ്പിച്ച വിവരാവകാശ അപേക്ഷകൾക്ക് ആവശ്യപ്പെട്ട വിവരങ്ങൾ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ലായെന്ന് എസ്.പി.ഐ.ഒ നൽകിയ മറുപടിക്കെതിരെ സമർപ്പിച്ച ഒന്നാം അപ്പീൽ തീർപ്പാക്കിയ അപ്പീൽ അധികാരി പ്രസ്തുത വിവരങ്ങൾ വിവരാവകാശ നിയമപ്രകാരമുള്ള ഫീസ് ഈടാക്കികൊണ്ട് ലഭ്യമാക്കുവാൻ നിർദ്ദേശിച്ചുകൊണ്ട് തീർപ്പാക്കിയ അപ്പീൽ ഉത്തരവിനെതിരെയാണ് ഈ അപ്പീൽ ഹർജികൾ കമ്മീഷൻ മുമ്പാകെ സമർപ്പിച്ചിരിക്കുന്നത്.

4. ഹർജിക്കാരൻ തന്റെ വിവരാവകാശ അപേക്ഷയിലൂടെ ആവശ്യപ്പെട്ടിരിക്കുന്ന വിവരങ്ങൾ വളരെയേറെ സമയവും മനുഷ്യാധ്വാനവും ചിലവഴിച്ച് ശേഖരിക്കേണ്ട വിവരങ്ങളാണ്. പ്ലൈവുഡും അനുബന്ധ ഉൽപന്നങ്ങളും നിർമ്മിക്കുന്ന നൂറുകണക്കിന് ഫാക്ടറികൾ പ്രവർത്തിക്കുന്ന മേഖലയിലെ അതുമായി ബന്ധപ്പെട്ട വിവധ വിവരങ്ങളാണ് ഹർജിക്കാരൻ ആവശ്യപ്പെട്ടിരിക്കുന്നത്. വിവരാവകാശ നിയമത്തിലെ 7(9) വകുപ്പ് പ്രകാരം ഒരു പൊതു അധികാര സ്ഥാനത്തിന്റെ വിഭവശേഷി പ്രതികൂലമായി ബാധിക്കുന്നില്ലെങ്കിൽ മാത്രം അപേക്ഷകൻ ആവശ്യ



RIGHT TO INFORMAT

പ്പെടുന്ന രീതിയിൽ വിവരം നൽകിയാൽ മതിയാവും. അത്തരം സാഹചര്യങ്ങളിൽ വിവരം നിഷേധിക്കുന്നതിന് പകരം വിവരാവകാശ അപേക്ഷകന് വിവരം ലഭ്യമാകുവാനുള്ള മറ്റ് മാർഗ്ഗങ്ങൾ എസ്.പി.ഐ.ഒ യ്ക്കും അപ്പീൽ അധികാരിയ്ക്കും സ്വീകരിക്കാവുന്നതാണ്. ഈ അപ്പീലിനാധാരമായ വിവരാവകാശ അപേക്ഷയിൽ അപേക്ഷകൻ ആവശ്യപ്പെട്ട വിവരങ്ങൾ എസ്.പി.ഐ.ഒ നിഷേധിച്ചിട്ടില്ല. പകരം വിവിധ രജിസ്റ്ററുകളിലായി രേഖപ്പെടുത്തിയിരിക്കുന്ന വിവരങ്ങൾ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ലാത്തതിനാൽ രജിസ്റ്ററുകൾ നേരിട്ട് പരിശോധിച്ച് വിവരങ്ങൾ ശേഖരിക്കാവുന്നതാണെന്ന് നിർദ്ദേശിക്കുകയാണ് എസ്.പി.ഐ.ഒ ചെയ്തത്. എന്നാൽ ഒന്നാം അപ്പീൽ അധികാരി ബന്ധപ്പെട്ട വിവരങ്ങൾ അടങ്ങുന്ന രജിസ്റ്ററിന്റെ പേജുകൾ ഫീസ് ഈടാക്കികൊണ്ട് ഹർജിക്കാരന് ലഭ്യമാക്കുവാൻ നിർദ്ദേശിക്കുകയാണ് ചെയ്തത്.

5. ദൈനംദിന ജീവിത പ്രശ്നങ്ങളും ആവശ്യങ്ങളുമായി ധാരാളം ആളുകൾ ദിവസവും സമീപിക്കുന്ന ഒരു സ്ഥാപനമാണ് ഒരു പഞ്ചായത്ത് ഓഫീസ്. അത്തരം ഒരു സ്ഥാപനത്തിൽ ഒരു വിവരാവകാശ അപേക്ഷകന് വിവരം ലഭ്യമാക്കുന്നതിനായി അവിടുത്തെ ഉദ്യോഗസ്ഥരുടെ അനേകം മണിക്കൂറുകൾ ചിലവഴിക്കുവാൻ ഇടയാവുക എന്നാൽ ടി ഓഫീസിന്റെ സേവനത്തിനുവേണ്ടി വരിനിൽക്കുന്ന നിരവധി ആളുകളുടെ അവകാശങ്ങൾ, അതിൽ ദൈനംദിന ജീവിതവുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഉൾപ്പെടെയുള്ള വിഷയങ്ങൾ പരിഹരിച്ച് കിട്ടുകയെന്ന അവകാശം തടസ്സപ്പെടുകയോ താമസിക്കപ്പെടുകയോ ചെയ്യുകയാണ്. അത്തരം ജീവൽ പ്രശ്നങ്ങൾ പരിഹരിച്ചുകിട്ടുവാനുള്ള പൗരന്റെ അവകാശം ഭരണഘടനയുടെ 21-ാം അനുച്ഛേദത്തിൽ സംരക്ഷിക്കപ്പെട്ടിട്ടുള്ള ജീവിക്കുവാനുള്ള അവകാശത്തിന്റെ ഭാഗം തന്നെയാണ്. അറിയുവാനുള്ള അവകാശം ഭരണഘടനയുടെ 19(1) അനുച്ഛേദ പ്രകാരമുള്ള മൗലിക അവകാശമാണ് എന്നതിൽ സംശയമില്ല. എന്നാൽ ഒരു പൗരന്റെ മൗലികാവകാശം സംരക്ഷിക്കുന്നതിനായി മറ്റൊരു പൗരന്റെ ജീവിക്കുവാനുള്ള അവകാശം തടസപ്പെടുവാനോ മാറ്റിവയ്ക്കപ്പെടുവാനോ പാടില്ലാത്ത



RIGHT TO INFORMATION

താണ്. ഈ സാഹചര്യത്തിൽ ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയിൽ 33 ചോദ്യങ്ങളിൽ 31 എണ്ണത്തിനും വിവരം ലഭ്യമാക്കിയതിനു ശേഷം രണ്ട് ചോദ്യങ്ങളിലൂടെ ആവശ്യപ്പെട്ട വിവരങ്ങൾ രേഖകൾ പരിശോധിച്ച് ശേഖരിക്കേണ്ടതാണെന്ന മറുപടി നൽകിയ എസ്.പി.ഐ.ഒ യുടെ തീരുമാനം ഉചിതമായിട്ടുള്ളത് തന്നെയായിരുന്നു. എന്നാൽ അത്തരം വിവരങ്ങൾ അടങ്ങിയ പേജുകളുടെ പകർപ്പ് ഫീസ് ഈടാക്കികൊണ്ട് നൽകുവാൻ ഒന്നാം അപ്പീൽ അധികാരി ഉത്തരവിട്ട സ്ഥിതിക്ക് പ്രസ്തുത ഉത്തരവിൽ മാറ്റം വരുത്തുവാൻ കമ്മീഷൻ ഉദ്ദേശിക്കുന്നില്ല. അതിനാൽ അപ്പീൽ അധികാരിയുടെ ഉത്തരവ് പ്രകാരം ഹർജിക്കാരന് രേഖകളുടെ പകർപ്പ് കൈപ്പറ്റാവുന്നതാണ്.

6. മുകളിൽ പറഞ്ഞ പൊതു ഉത്തരവിലൂടെ ഈ നാല് അപ്പീൽ ഹർജികളും ഇന്നേ ദിവസം, 2020 ഡിസംബർ മാസം 29–ാം തീയതി തീർപ്പാക്കുന്നു.

**ഒപ്പ്**
**എസ്. സോമനാഥൻ പിള്ള**
**വിവരാവകാശ കമ്മീഷണർ**

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ജോയിന്റ് സെക്രട്ടറി**

JN



RIGHT TO INFORMAT